# ഇലോകം

**2024-25**




**സെന്റ് ആന്റണീസ് ഗേൾസ് ഹൈസ്കൂൾ വടകര**

**ലിറ്റിൽ കൈറ്റ്സ് സംരംഭം**

# താളുകൾ മറിക്കുമ്പോൾ


| സീരിൽ നമ്പർ | ഉള്ളടക്കം | ഇനം | പേജ് നമ്പർ |
|---|---|---|---|
| 1 | ആമുഖം | | 7 |
| 2 | ആശംസ | | ൮-൯ |
| 3 | എന്റെ വിദ്യാലയം | എഴുത്ത് | 10 |
| 4 | സാധ്യത | എഴുത്ത് | 11 |
| 5 | മഴ | കവിത | 12 |
| 6 | ആന ഒരു വന്യമൃഗം | ലേഖനം | 13 |
| 7 | കണ്ണീർ പുഴയായി വയനാട് | ലേഖനം | 14 |
| 8 | വായനയുടെ പ്രാധാന്യം | ലേഖനം | 15 |
| 9 | ഡിജിറ്റൽ പെയിൻറിംഗ് | വര | 16 |
| 10 | ചിത്രരചന | വര | 17 |

# താളുകൾ മറിക്കുമ്പോൾ



| സീരിൽ നമ്പർ | ഉള്ളടക്കം | ഇനം | പേജ് നമ്പർ |
|---|---|---|---|
| 11 | അമ്മ | ചെറുകഥ | 18 |
| 12 | കനിവുകളുടെ കണ്ണ് | അനുഭവം | 19 |
| 13 | കാറ്റ് ...അമ്മ | കവിതകൾ | 20 |
| 14 | അക്ഷര സാഗരം | കവിത | 21 |
| 15 | ചിത്രരചന | വര | 22 |
| 16 | സൈബർ സെക്യൂരിറ്റി | ലേഖനം | 23 |
| 17 | ഗാന്ധി വചനങ്ങൾ | ഉദ്ധരണികൾ | 24 |
| 18 | നമ്മുടെ കുഞ്ഞുങ്ങൾ | കുറിപ്പ് | 25 -27 |
| 19 | സാഹിത്യകാരന്മാരെഅറിയാം | കുറിപ്പ് | 28 |
| 20 | ഉറവ | കവിത | 29 |

# താളുകൾ മറിക്കുമ്പോൾ



| സീരിയൽ നമ്പർ | ഉള്ളടക്കം | ഇനം | പേജ് നമ്പർ |
|---|---|---|---|
| 21 | ആദി | കവിത | 30 |
| 22 | ചെരിഷ് എവരി ബ്രീത്ത് | English poem | 31 |
| 23 | SKY'S EMPER | English poem | 32 |
| 24 | നിന്നെ തേടി ...പേമാരി | കവിതകൾ | 33 |
| 25 | കാറ്റ് | കവിത | 34 |
| 26 | ഹാപ്പിനെസ് | കവിത | 35 |
| 27 | സോഷ്യൽ മീഡിയ | ഇംഗ്ലീഷ് ലേഖനം | 36 |
| 28 | പുറപ്പെടുന്ന പാത | കവിത | 37 |
| 29 | ഡിജിറ്റൽ പെയിൻറിങ് | വര | 38 |
| 30 | Unpredictability | കവിത | 39 |
| 31 | കുഞ്ഞു ഉടുപ്പ് | കഥ | 40 |

# താളുകൾ മറിക്കുമ്പോൾ


| സീരിൽ നമ്പർ | ഉള്ളടക്കം | ഇനം | പേജ് നമ്പർ |
|---|---|---|---|
| 32 | Moonlight | English poem | 41 |
| 33 | അന്ധകാരം | കവിത | 42 |
| 34 | അക്ഷരസാഗരം | കവിത | 43 |
| 35 | വിളക്ക് | കഥ | 44 |
| 36 | Data Analysis | ലേഖനം | 45-46 |
| 36 | മഴ | കവിത | 47 |
| 37 | നന്ദി | | 48 |

# എഡിറ്റോറിയൽ ബോർഡ്



തന്മശ്രീ പി എം



ശിവന്യ കെ



തേജശ്രീ പി എം



ദേവപ്രിയ എസ്



തേജാലക്ഷ്മി



ആതിര കൃഷ്ണ



അവിഷ്ണ മനോജ്



അനന്തിക വിനീഷ്

# ആമുഖം



പ്രിയപ്പെട്ടവരേ,
കൃത്രിമ ബുദ്ധിയുടെ അപാര നിർമ്മിതികളിൽ അതിശയിച്ചു നിൽക്കുന്ന മനുഷ്യനാണ് ഈ കാലത്തിന്റെ ഏറ്റവും വലിയ കാഴ്ച. മനുഷ്യന്റെ ക്രിയാത്മകതയുടേയും സൃഷ്ടിപരതയുടേയും അനന്തരഫലം അവന് തന്നെ ഭീഷണിയായി മാറുമോ എന്നത് വലിയ ഉത്കണ്ഠയായി ഉയർന്നു വരുന്നു. അടിസ്ഥാനപരമായി മനുഷ്യനും പ്രകൃതിയും സർവജീവജാലങ്ങളും ഒന്നിച്ചു ജീവിക്കുന്ന, എല്ലാ മനുഷ്യരും ഒരുപോലെ പരിഗണിക്കപ്പെടുന്ന ലോകമാണ് നമുക്കാവശ്യം. അതിനുപയുക്തമാവുന്ന തരത്തിലാണ് സയൻസും സാങ്കേതികവിദ്യയും വികസിക്കേണ്ടത്. വിവരസാങ്കേതികവിദ്യ മാനവികമായി മാറുന്ന ഏറ്റവും സുന്ദരമായ ഇടമാണ് ലിറ്റിൽകൈറ്റ്സ്. മണ്ണിലുറച്ച് നിന്ന് ആകാശത്തേക്ക് കുതിച്ചുയരുന്ന വർണ്ണ പട്ടങ്ങളുടെ പുതിയ കാഴ്ചയാണ് ഈ ഡിജിറ്റൽ മാഗസിൻ. ഈ സുന്ദര ലോകത്തേക്ക് എല്ലാവർക്കും സ്വാഗതം.

# ആശംസകൾ

സെന്റ് ആന്റണീസ് ഗേൾസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ പുറത്തിറങ്ങുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.ലോകം അനുനിമിഷം വളരുകയാണ്.ഒപ്പം വായനയുടെയും എഴുത്തിന്റെയും ലോകം വികസിച്ചുകൊണ്ടിരിക്കുന്നു.

ആർട്ടിഫിഷൽ ഇന്റലിജൻസിന്റെ സഹായത്തോടെ മനുഷ്യബുദ്ധിയെ വെല്ലുന്നതരത്തിൽ എഴുത്തും വായനയും കഥയും കവിതയുമെല്ലാം ഇതൾ വിരിഞ്ഞുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ,നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ഒരു മാഗസിൻ രൂപപ്പെടുത്തിയ ലിറ്റിൽ കൈറ്റ്സിലെ എല്ലാ അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

നിങ്ങളുടെ ഓരോരുത്തരുടെയും സർഗാത്മകകഴിവുകൾ ഇനിയും വളർന്ന് ഉയരങ്ങളിൽ എത്തുവാൻ സർവ്വേശ്വരൻ നിങ്ങളെ അനുഗ്രഹിക്കട്ടെ.



സസ്നേഹം
നിങ്ങളുടെ സിസ്റ്റർ
ചൈതന്യ എ സി
(Head Mistress)

# ആശംസകൾ

ശാസ്ത്രം അനുദിനം വളർന്നുകൊണ്ടിരിക്കുകയാണ്. ചെറിയ സമയങ്ങൾ കൊണ്ട് വലിയ മാറ്റങ്ങൾക്ക് വിധേയമായി കൊണ്ടിരിക്കുന്ന മേഖലയാണ് വിവരസാങ്കേതികവിദ്യ. മനുഷ്യബുദ്ധിയെ വരെ വെല്ലാൻ സാധിക്കുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കടന്നുവരവ് മനുഷ്യരാശിയുടെ തന്നെ ഒരു നാഴികക്കല്ലായി മാറി. എഐയുടെയും മറ്റ് ശാസ്ത്ര സാങ്കേതികവിദ്യകളുടെയും അനന്തമായ സാധ്യതകളെ തിരിച്ചറിയാൻ വേണ്ടി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ഈ തലമുറയിലാണ് ലിറ്റിൽ കൈറ്റ്സ് പ്രാധാന്യം അർഹിക്കുന്നത്. സെന്റ് ആന്റണീസ് ഗേൾസ് ഹൈസ്ക്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രയത്നഫലമായി നിർമ്മിച്ച ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

**തനുശ്രീ. പി. എം**
**ഡിജിറ്റൽ മാഗസിൻ ചീഫ് എഡിറ്റർ**

# എന്റെ വിദ്യാലയം

## സെന്റ് ആന്റണീസ് ഗേൾസ് ഹൈസ്കൂൾ

ഉത്തര മലബാറിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി അപ്പസ്തോലിക്ക് കാർമ്മൽ സന്യാസിനികൾ 1938ൽ പടുത്തുയർത്തിയ സ്ഥാപനമാണ് വടകരയുടെ ഹൃദയഭാഗത്ത്സ്ഥിതി ചെയ്യുന്ന സെന്റ് ആൻറണീസ് ഗേൾസ് ഹൈസ്കൂൾ. വിജ്ഞാനപരിപോഷണത്തോടൊപ്പം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിലൂടെ സ്ത്രീശാക്തീകരണവും ലക്ഷ്യംവച്ച് ഈവിദ്യാലയം,ഗതകാലപ്രൗഢിയോടെ മുന്നേറുന്നു.ആത്മാഭി മാനത്തോടെ ശുചിത്വബോധത്തോടെ സാമൂഹിക പ്രതിബദ്ധതയോടെ വളർന്നുവരുന്ന പെൺകുഞ്ഞുങ്ങളാണ് നമ്മുടെ കരുത്ത്. ശുചിത്വവും അച്ചടക്കവും നമ്മുടെ മുഖമുദ്രയാണ്.1110 കുട്ടികളും 47 അധ്യാപകരും എട്ട് അനധ്യാപകരും അടങ്ങുന്നതാണ് നമ്മുടെ കുടുംബം.

# സാധ്യത

നിരാശ മണക്കുന്ന
ചെളിക്കുഴികളിലേക്ക് ആണ്ട് പോവുന്ന
ഒരാളെ
സൗഹൃദത്തിന്റെയും
സ്നേഹത്തിന്റെയും
വർണനൂലുകളാൽ
വീണ്ടെടുക്കുമ്പോഴാണ്
ഒരു സമൂഹം ഏറ്റവും
മികച്ചതാവുന്നത്. ഏത്
സങ്കടക്കാലത്തേയും
മറികടക്കുന്ന
ആഹ്ലാദത്തിന്റെ സുന്ദര
നിമിഷങ്ങൾ
എക്കാലത്തേക്കുമായി
സൂക്ഷിച്ച് വെക്കാൻ നമുക്ക്
കഴിയണം. ഇഷ്ടത്തിന്റെ
ചെടിയിൽ എല്ലാ മനുഷ്യരും
പൂത്ത് വിരിഞ്ഞു നിൽക്കണം.
സയൻസും
സാങ്കേതികവിദ്യകളും മറ്റ് വിവര
സാങ്കേതിക രീതികളും ഒക്കെ മനുഷ്യനെ
വീണ്ടെടുക്കാനായി പ്രയോഗിക്കപ്പെടണം.
ഈ എ.ഐ യുഗത്തിൽ ഏറ്റവും
സാധാരണക്കാരനായ
ഒരു മനുഷ്യന് കൂടി ഇടം കിട്ടുന്ന
തരത്തിൽ നമുക്കും ഇടപെടാം.



സ്നേഹത്തോടെ
കൈറ്റ് മിസ്ട്രസ്
സിന്ധു ടീച്ചർ

# മഴ

കൂരിരുട്ടിൽ നിന്ന്
ഉദിക്കുന്ന കണ്ണുനീർ
ജലധാരയായി ഭൂമിയിൽ
സ്പർശിക്കവേ
സന്തോഷമാം ഓരോ
മനസ്സിലും
മായാത്ത ഓർമ്മകൾ.
ജനവാതിലിലൂടെ ഓരോ
ജീവന്റെ തുടിപ്പും
കൺകുളിർക്കെ കാണുന്നു
ഞാൻ.







അനുലക്ഷ്മി യോഗേഷ്
VIIIA

# ആന - ഒരു വന്യമൃഗം

നമ്മിൽ ആരെങ്കിലും ആനയെ കാണാത്തവരായുണ്ടോ?
നമ്മൾ അതിനെ കാണുന്നത് ഉത്സവപ്പറമ്പുകളിലാണ് .കത്തിജ്വലിക്കുന്ന തീപ്പന്തങ്ങളുടെ ഇടയിൽ പൊൻപട്ടം കെട്ടി ദേവി ദേവന്മാരുടെ വിഗ്രഹങ്ങൾ പേറി ആനപ്പുറത്ത് സഞ്ചരിക്കുന്ന പുരോഹിതന്മാരെ എന്ത് ആദരവോടെയാണ് നാം കാണുന്നത്. നീട്ടിപ്പിടിച്ച വെഞ്ചാമരങ്ങളും ഉയർത്തിപ്പിടിച്ച വെൺകൊറ്റക്കുടയും ആനയുടെ നടപ്പിന് ഭംഗി കൂട്ടുന്നു. ഭഗവാന്റെ അല്ലെങ്കിൽ ഭഗവതിയുടെ വിഗ്രഹം പേറുന്ന ആന ഇല്ലാതെ എന്ത് ഉത്സവം
എന്നാൽ നിങ്ങൾക്കറിയാമോ?



ആന വന്യജീവിയാണ് ,അതിനെ ഇണക്കാൻ ആവില്ല. അതിനെ മെരുക്കാനെ കഴിയൂ. ആനയ്ക്ക് മനുഷ്യസംസർഗ്ഗം ഇഷ്ടമല്ല. ആനയെ ചതിക്കുഴിയിൽ വീഴ്ത്തി അനങ്ങാൻ വയ്യാത്ത കൂട്ടിൽ ഇട്ട് ദിവസങ്ങളോളം മർദ്ദിച്ചും മുറിപ്പെടുത്തിയും ശബ്ദവും തീയും കാട്ടി ഭയപ്പെടുത്തിയും അതിന്റെ ഇച്ഛാശക്തി ഇല്ലാതാക്കുന്നതിനെയാണ് മെരുക്കൽ എന്ന് പറയുന്നത്, മെരുക്കലിലൂടെ ആന അടിമത്തം ശീലിക്കും,അല്ലാതെ നിങ്ങളെ ആന സ്നേഹിക്കുന്നില്ല. ആനയെ നിയന്ത്രിക്കുന്നത് പാപ്പാന്മാരാണ് അവരുടെ കയ്യിൽ തോട്ടി എന്ന് ആയുധം ഉണ്ടാവും. അത് കൊളുത്തി ഒരു വലി വലിച്ചാൽ ഏത് ആനയും അനുസരിക്കും. വേദന സഹിച്ച് സഹിച്ച് ആന അത് അസഹനീയം ആകുമ്പോ ആക്രമിക്കും. പലപ്പോഴും തോട്ടി ആനയുടെ ചെവിട്ടിനടുത്ത് വെച്ച് പാപ്പാൻ വിശ്രമിക്കാൻ പോകും. 'ആനച്ചോറ് കൊലച്ചോറ് 'എന്ന് പറയാറുണ്ട്. പാപ്പാൻ നിരായുധനാണെങ്കിൽ ആന നിമിഷം കൊണ്ട് പാപ്പാനെ ചവിട്ടി കൊല്ലും. കാട്ടിലെ ആന തണുപ്പും നനവും ഉള്ള കാട്ടിൽ ജീവിക്കുന്ന ജന്തുവാണ്. കാട്ടാന ഒരു ദിവസം 200 ലിറ്റർ വെള്ളം കുടിക്കും. കാട്ടിൽ നിന്ന് പുറത്തായി 'നാട്ടാന' എന്ന ഓമനപ്പേരിൽ വിളിക്കപ്പെട്ട ആനയ്ക്ക് ഇതിന്റെ പകുതി പോലും ലഭിക്കുന്നില്ല.

മിക്ക ആനകളുടെയും കാലിൽ കാണുന്ന വ്രണങ്ങൾ ചങ്ങല ഉരഞ്ഞു മാത്രം ഉണ്ടായതല്ല പാപ്പാന്മാർ കാലിൽ സ്ഥിരം വ്രണങ്ങൾ ഉണ്ടാക്കിയിട്ടും അവിടെ ഒന്നു കുത്തിയാൽ ആന ഉടൻ അനുസരിക്കും. സഹ്യ പർവ്വതത്തിലെ കൊടുംകാടുകൾ മനുഷ്യൻ വെട്ടി നഗരങ്ങൾ ആക്കിയപ്പോൾ ആനകൾ നാട്ടിലേക്ക് ഇറങ്ങാൻ തുടങ്ങി. വിശപ്പും ദാഹവും അതിനെ അക്രമാസക്തമാക്കി. നാട്ടിലേക്ക് ഇറങ്ങിയ ആന പച്ചപ്പ് കാണുന്ന എന്തും തിന്നും. കാട്ടിൽ ജീവിച്ചു ശീലിച്ചവൻ മനുഷ്യനെ ആക്രമിക്കുകയും ചെയ്യും.

ജന്മിതത്തിന്റെയും പ്രൗഡിയുടെയും മഹത്വം കാണിക്കാൻ നാം ആനകളെ വളർത്തുന്നു. കാട്ടിലെ ജീവിയെ അതിന്റെ പാട്ടിന് വിട്ടുകൂടെ. കാട്ടിലെ മരങ്ങൾ ഇല്ലാതായാൽ അത് നാട്ടിലേക്ക് ഇറങ്ങിയാൽ സസ്യാഹാരിയായ ഈ മൃഗത്തെ നിങ്ങൾ എന്തിനാണ് പഴിക്കുന്നത്....

വേദ ബി
9 D

# കണ്ണീർ പുഴയായി വയനാട്

പ്രകൃതിയുടെ വരദാനമായൊരു നാട്. തെളിനീരൊഴുകുന്ന പുഴകളും പ്രകൃതിരമണീമായ ഭൂപ്രദേശങ്ങളും നിറഞ്ഞ,പരസ്പരം വെറുപ്പോ വൈരാഗ്യമോ ഇല്ലാതെ പലജനവിഭാഗങ്ങൾ ജീവിക്കുന്ന നാട്.ഒരൊറ്റദിവസം കൊണ്ട് എല്ലാം മണ്ണിനടിയിൽ. എന്താണ് സംഭവിക്കുന്നതെന്തെന്നു അറിയുന്നതിനു മുൻപെ ഉരുൾ കവർന്ന എത്രയോ മനുഷ്യർ , എത്രയോ ആഗ്രഹങ്ങൾ , സ്വപ്നങ്ങൾ , സമ്പാദ്യം. ഉറ്റവരെ നഷ്ടപ്പെട്ടിട്ടും അത് ആര് എന്ന് തിരിച്ചറിയാനാകാതെ മനുഷ്യർ. ഒരു കുടുംബത്തിലെ ഒരാൾ മാത്രം അവശേഷിക്കുന്ന നിരവധി പേർ ...

സ്വന്തം ഉറ്റവരെ നഷ്ട്ടപ്പെട്ടവരുടെ ഏക ആശ്വാസം എന്തിനും തയ്യാറായി മുന്നോട്ട് വന്ന് കേരള ജനത തന്നെയാണ്.



ജാതി മത ഭേദമന്യേ വർണ്ണ വർഗ വിവേചനമില്ലാതെ നിരവധി സഹായ കരങ്ങളാണ് വയനാട്ടിലേക്കെത്തിയത് . പേരോ ഊരോ അറിയാത്തവർക്കു പോലും എന്തും ചെയ്യാൻ കേരള ജനത തയ്യാറാണ്. 2018 ലെയും 2019 ലെയും മഹാ ദുരന്തങ്ങളും പ്രളയവും അതിജീവിച്ചവരാണ് നമ്മൾ . വയനാട് അവരുടെ ദുരന്തത്തിൽനിന്ന് കരകയറും വരെ നാം അവരുടെ കൂടെ നിൽക്കണം . അവർക്കായി സഹായങ്ങൾ ചെയ്യാം .

നാം അതിജീവിക്കും.........

**സാധിക**
6th

# വായനയുടെ പ്രാധാന്യം

വായന മരിച്ചുകൊണ്ടിരിക്കുന്നു. നാമോരോരുത്തരും വായനയുടെ പ്രാധാന്യം എന്ന വിഷയം ചർച്ച ചെയ്യേണ്ടുന്നതിന്റെ ആവശ്യകത വർദ്ധിച്ചു. ഭാവിയുടെ വാഗ്ദാനങ്ങളായ പുതിയ തലമുറയോട് ഒരു മൊബൈൽ ഫോൺ വേണോ പുസ്തകം വേണോ എന്ന് ചോദിച്ചാൽ തീർച്ചയായും അവർ പറയുക മൊബൈൽ ഫോൺ എന്നാണ്.അവർ ജനിച്ചത് മുതൽ കാണാൻ തുടങ്ങിയതാണ് മൊബൈൽ. ബാല്യകാലത്ത് പുസ്തകങ്ങൾ വായിച്ചു വളരേണ്ട അവരുടെ ആദ്യയക്ഷരമായി മാറുന്നു ഫോൺ. എന്തുകൊണ്ട് പുതുതലമുറ വലിയവരെ പോലെ വായിക്കാൻ താത്പര്യപെടുന്നില്ല. കാരണം



മറ്റൊന്നുമല്ല...കുഞ്ഞുങ്ങൾ കരയുമ്പോൾ മൊബൈൽ കാണിച്ചു കരച്ചിൽ നിർത്തുന്ന മാതാപിതാക്കളെ ഞാൻ കണ്ടിട്ടുണ്ട്.അതാണ് അവർ ചെയ്യുന്ന ഏറ്റവും വലിയ തെറ്റ്.എത്ര മാതാപിതാക്കൾ പിറന്നാൾ സമ്മാനമായി മിഠായി കൊടുക്കുന്നതിനു പകരം പുസ്തകം സമ്മാനിക്കാറുണ്ട്? എത്ര കൂട്ടുകാരികൾ പുസ്തകം സമ്മാനിക്കാറുണ്ട്?. മിഠായിയുടെ മധുരം വായിൽ നിന്ന് വയറിലെക്കെത്തും പക്ഷെ അതുപോലെ അല്ല മൊബൈൽ. അത് തലയിലേക്കാണ് കയറുക.വിട്ടു മാറാൻ പറ്റാത്ത ഒന്നായി അത് മാറും. അത്തരം ഒരവസ്ഥ.ഉണ്ടാക്കുന്നതും നമ്മുടെ സമൂഹമാണ് .നമ്മൾ പുറത്തുള്ള കാഴ്ചകൾ കാണേണ്ട കാലത്ത് നമുക്ക് മൊബൈൽ കാണിച്ചു തന്നു .അങ്ങനെ നമ്മൾ അതിന് അടിമകളായി. പുസ്തകങ്ങൾ വായിക്കേണ്ട ഈ കാലഘട്ടത്തിൽ എല്ലാ കുരുന്നുകൾ ചെയ്യുന്നത് എന്താണ്.പുതുതലമുറയെ നന്നാക്കേണ്ടവരാണ് ഇന്ന് മൊബൈലിന് അടിമപ്പെട്ട് നശിച്ചുപോകുന്നത്.ഇവരെ നന്നാക്കാൻ സ്വന്തം അമ്മമാർക്കു പോലും പറ്റുന്നില്ല. ഇങ്ങനെയാണെങ്കിൽ നമ്മളുടെ തലമുറ നന്നാവുകയുമില്ല.അതിനു പരിഹാരം ഇനി വരുന്ന തലമുറയ്ക്ക് നമ്മൾ പുസ്തകം കൊടുക്കണം.പുസ്തകത്തിന്റെ മധുരം ജീവിതാവസാനം വരെ നിലനിൽക്കും. പുസ്തകങ്ങൾ ഒരു നല്ല വഴികാട്ടിയാണ് ,പ്രചോദനമാണ്.വായിക്കുക,വളയാതെ വളരണമെങ്കിൽ വായിച്ച് വായിച്ചതിനെ സ്വയം വിലയിരുത്തുക.ലൈബ്രറിയിൽ ഒരു മെബർഷിപ്പ് എടുക്കുന്നതിലൂടെ വായന മെച്ചപ്പെടുന്നു.വായന മെച്ചപ്പെട്ടാൽ എഴുത്തഭിരുചി മെച്ചപ്പെടുന്നു.നല്ല പുസ്തകങ്ങൾ നാം തിരഞ്ഞെടുക്കുമ്പോൾ നല്ല കൂട്ടുകാരെ തെരഞ്ഞെടുക്കും പോലെയാണ്. നമ്മെ നേർവഴിക്ക് നടത്താനും ചിന്തിപ്പിക്കാനും അവയ്ക്ക് സാധിക്കുന്നു. പുസ്തകത്തിന്റെ മാത്രമായ ലോകത്ത് പൂമ്പാറ്റകളാവാൻ ശ്രമിക്കുക... പുസ്തകത്തിന്റെ തേൻ മധുരം നുകരുക.


നന്ദി.

**റോസീനിയ പി-6th**

# ഡിജിറ്റൽ പെയിന്റിംഗ്











ഫൈഹാ ഖാലിദ് കെ കെ
8A

# ചിത്രരചന







അഞ്ജന.എസ്

അനുഗ്രഹ.എസ് IX C

# അമ്മ

ഗവൺമെന്റ് ഉദ്യോഗസ്ഥനായ രാഹുൽ ആഡംബര ജീവിതത്തിനിടെ തന്റെ വൃദ്ധയായ അമ്മയെ വെറുത്തു. വൃദ്ധയും രോഗിയുമായ അമ്മയെ നാലാൾക്ക് മുമ്പിൽ പരിചയപ്പെടുത്താൻ അവൻ ലജ്ജിച്ചു. അവസാനം ഭാര്യയുടെ നിർദ്ദേശപ്രകാരം അവൻ തന്റെ അമ്മയെ വൃദ്ധസദനത്തിൽ ആക്കാൻ തീരുമാനിച്ചു. പിറ്റേന്ന് സ്നേഹം നടിച്ച് രാഹുൽ അമ്മയെ വൃദ്ധസദനത്തിൽ കൊണ്ടാക്കി മടങ്ങുമ്പോൾ എന്നും മാതൃത്വത്തിന്റെ സ്നേഹത്താൽ തിളങ്ങിയിരുന്ന തന്റെ അമ്മയുടെ മിഴികൾ കലങ്ങുന്നത് അവൻ കണ്ടു. മടക്കയാത്രയിൽ കുറ്റബോധത്താൽ വിങ്ങുന്ന മനസ്സുമായി നിൽക്കുന്ന അവനെ വഴിയോരത്തെ ഒരു കാഴ്ച നിശ്ചലമാക്കി.ഒരു കുടിലും അവിടെ കഴിയുന്ന ഒരമ്മയും മക്കളും ഇതു കണ്ട രാഹുൽ തന്റെ കുട്ടിക്കാലത്തെ കുറിച്ച് ഓർത്തു. ചെറുപ്പത്തിൽ അച്ഛൻ മരിച്ചു പോയതിനുശേഷം തന്നെയും അനുജനെയും വളർത്താൻ അമ്മ ഒരുപാട് കഷ്ടപ്പെട്ടു. ആ കഷ്ടപ്പാട് കണ്ടാണ് രാഹുൽ വളർന്നത്. എത്ര ദാരിദ്ര്യം ഉണ്ടെങ്കിലും അമ്മ അതൊന്നും അവരെ അറിയിച്ചിരുന്നില്ല. ആ ഓർമ്മകൾ രാഹുലിന്റെ കണ്ണുകളിൽ ഒരു ജലപ്രവാഹം സൃഷ്ടിച്ചു. ഒരു ജന്മം മുഴുവൻ മക്കൾക്കായ് മാറ്റിവെക്കുന്ന അച്ഛനെയും അമ്മയെയും വയസ്സുകാലത്ത് മക്കളാണ് നോക്കേണ്ടതെന്ന് അവന് മനസ്സിലായി. തിരിച്ചറിവിന്റെ മഹത്വത്താൽ രാഹുൽ അമ്മയെ വൃദ്ധസദനത്തിൽ നിന്ന് കൂട്ടി തന്റെ വീട്ടിൽ ചെന്നു.പിന്നീട് അവർ ഒരു സന്തുഷ്ട ജീവിതം നയിച്ചു.

ശ്രാവണ എസ് എൽ
VIII D

# കനിവുകളുടെ കണ്ണ്



ഒരു ദിവസം മായ ജോലിക്കായി വീട്ടിൽ നിന്നിറങ്ങുകയായിരുന്നു. വീട്ടു പടിക്കൽ എത്തിയപ്പോൾ ഒരുനായ മായയുടെ അടുക്കലേക്ക് ഓടിയെത്തി.അവൾ പരിഭ്രമിച്ച് പിന്നോട്ടുമാറി.ചെളിയിൽ പുരണ്ട നായ മായയുടെ അടുത്ത് നിന്നു അവളുടെ കണ്ണുകളിലേക്ക് ദയനീയമായി ഒന്ന് നോക്കി എന്തൊക്കെയോ പറയാൻ ശ്രമിച്ചു. അതുകൊണ്ട് മായ നായയുടെ പിന്നാലെ നടന്നു. നടത്തം അവസാനിച്ചത് അടുത്ത വീട്ടിലെ പിന്നാമ്പുറത്തെ പറമ്പിൽ ആയിരുന്നു. അവിടെ കണ്ട കാഴ്ച മായയുടെ കണ്ണുകൾ ഈറനണിയിച്ചു. വിശന്നു വലഞ്ഞിരിക്കുന്ന നാല് നായ കുട്ടികളായിരുന്നു അവിടെ ഉണ്ടായിരുന്നത്. തന്റെ മക്കളുടെ വിശപ്പ് അകറ്റാൻ സഹായം അഭ്യർത്ഥിച്ചാണ് ആ അമ്മ നായ മായയുടെ പക്കൽ എത്തിയത്. മായ അവർക്ക് ആവശ്യമായ ഭക്ഷണം വാങ്ങിച്ചു നൽകി. നായ കുട്ടികൾ അത് ആർത്തിയോടെ കഴിക്കുന്നത് അമ്മ നായ നോക്കി കണ്ടു.ആ അമ്മനായയുടെ കണ്ണിൽ അപ്പോൾ മായ കണ്ടത് വാത്സല്യത്തിന്റെ നിറകുടത്തെയായിരുന്നു.

പൂർണ്ണശ്രീ എസ്
IX B



# കവിതകൾ

## കാറ്റ്

------------

കുളിരേകും വസന്തമേ...
തഴുകിയുണർത്തും തുവലേ..
എന്നരികിൽ വരിക നീ...
എൻചാരെ, എൻ  തോളിൽ തഴുകുന്നു..
നിശയോടൊപ്പം, പ്രഭാതത്തോടൊപ്പം..
എൻ നാട്ടിൽ, എൻ വീടിൻ
ജനാലയ്ക്കരികിൽ കുളിരേകു നീ....

തേജശ്രീ പി എം
൧c

## അമ്മ

------------

മായില്ല ഒരിക്കലും ഈ അമൃതം
സ്നേഹത്താൽ ഭൂമിയെ സംരക്ഷിക്കുമാമം
മാതൃത്വം
കാലം തെളിയിക്കും ഈ മാതൃഭൂമിയെ
എന്നെ വിട്ടു പോകല്ലേ ഭാരതാംഭയെ
അന്ധകാരം എന്നെ അലട്ടുമ്പോഴും
അങ്ങുണ്ടെന്ന വിശ്വാസം എന്നെ
തുണയ്ക്കുന്നു.

Ameya. R
IX C

## അമ്മ മനസ്സ്

-----------------------

അമ്മ പറഞ്ഞതിനപ്പുറമില്ലാത്ത
ബാല്യകാലം ഓർക്കുനിന്നു ഞാൻ
അമ്മയ്ക്ക് സ്വന്തം കണ്മണിയായി
മാറുന്ന നിമിഷങ്ങൾ ഉള്ള നേരം
പ്രപഞ്ചത്തിൽ അമ്മ കഴിഞ്ഞേ
വേറെ ആളുകൾ ഉള്ളൂ എന്ന്
തോന്നിപ്പോകുന്ന നിമിഷവും
അമ്മയുടെ സാരി തുമ്പ്
പിടിച്ച് അമ്മയെ ശല്യം ചെയ്യുന്ന
എന്റെ ബാല്യകാലം
എന്നും ഓർക്കുന്നു ഞാൻ

Ananya. V
VIII:B

## അന്ധകാരം

-------------------

പട്ടാപകലെന്നു നിനയ്ക്കയിലും
ചുറ്റിലും കൂരിരുട്ടു മാത്രം ജ്വലിക്കുന്ന
സൂര്യൻ തൻ പ്രഭയുണ്ടെങ്കിലും
ചുറ്റിലും കൂരിരുട്ടു മാത്രം അൻപറ്റു
പോകുന്ന കാലത്ത് ചുറ്റിലും
മാനവർക്കുള്ളിൽ കൂരിരുട്ടു മാത്രം
നന്മതൻ ജ്യോതിയണയുന്ന കാലത്ത്
തിന്മതൻ ഇരുൾ മൂടുന്ന കാലത്ത്
ചുറ്റിലും ചുറ്റിലും മാനവർതന്നുള്ളിലും
അന്ധകാരത്തിൻ അലകൾ മാത്രം.

ദേവപ്രിയ എസ്
IX

# കവിതകൾ

## അക്ഷരസാഗരം

------------------------------

മഴയായി പെയ്ത് പുഴയായ് ഒഴുകി
പുസ്തകത്താളുകളിലേക്ക്
അക്ഷരമുത്തുകൾ
പുതുമണമേകും താളുകളെ തഴുകി
വികാരങ്ങളും വിചാരങ്ങളും
ഉള്ളിലൊതുക്കി
അന്യന്റെ മനസ്സിൽ കുളിരേകി
എങ്ങോ മാഞ്ഞുപോയ കവിതേ
മലയാള കവിതേ

Poornasree. S
IX B

## മലയാളം

-------------------

ദൈവത്തിൻ സ്വന്തം നാട്ടിൽ നിന്ന്
ഉത്ഭവം കൊണ്ട ഭാഷേ
നിൻ പാദപത്മങ്ങളും തൊഴുന്നിതാ ഞാൻ
പശ്ചിമഘട്ട പർവ്വതങ്ങളും,നിളാ നദിയും
പച്ചപ്പട്ടു വിരിച്ച പ്രകൃതിയുമുള്ള
കേരള ജനതതൻ സാഹിത്യ തൂലികകൾ
കൊണ്ട് എഴുതിയ
ഭാഷയാം നിന്നെ ഞാൻ തൊഴുന്നിതാ........

Anika.S
VIII:E

## മഴയിലൂടെ

------

വെള്ളച്ചാട്ടത്തിൻ സാമ്യമേ.......
നിൻ ഉറവയെന്തു മനോഹരം ......
നിന്നിലെ ചെറുതുള്ളികളാൽ.....എൻ ഉൾ
നിറയും ......
നറു കുളിരായി
നിന്നെ കാത്തു ഞാൻ
പടിവാതിക്കൽ ഇരിക്കുമ്പോൾ
നിന്റെ സ്വാഗത ഗാനം
എന്നെ ഏറെ ഭയപ്പെടുത്തും....

Fathima Shiza
VIII D

## നീ മാത്രം

-----

മധുരം തന്ന നിൻ ഓർമ്മകൾ മനസ്സിൽ
നിന്ന് മായുന്നില്ല...
മായാത്ത ഓർമ്മയായ് അത്
എൻ മനസ്സിൽ
കിടന്നുപിടയുന്നു
നിൻ മുഖം മാത്രം എന്നും
എൻ മനസ്സിൽ ഉദിക്കുന്നു കരയാനും
ചിരിക്കാനും പഠിപ്പിച്ച നിന്നെ ഞാൻ
എങ്ങനെ മറക്കും തീരാദുഃഖത്തിലും നീ
എൻ മനസ്സിലെ കുളിർമയുള്ള
ഓർമ്മയായ്...

Nainika Rajesh TP

# ചിത്രരചന












**അഞ്ജന എം എം**
**X E**

# Safeguarding Your Digital Presence:
# Cyber security essentials

As technology advances, cybersecurity threats are becoming increasingly sophisticated. In this situation to protect yourself from phishing, malware, and data breaches, it's essential to prioritize online safety. Use strong, unique passwords and keep your software up-to-date. Be cautious when interacting with emails and attachments. Regularly back up your important data and stay informed about the latest cybersecurity best practices.
As we know the number of cyber crimes are increasing day by day it is important to ensure safety of ourselves and other's.
By taking these precautions, you can significantly reduce the risk of falling victim to cyber security threats and stay safe online.



Bhadra Balachandran
9E

# ഗാന്ധി വചനങ്ങൾ

'ആസ്പത്രികളും ജയിലുകളും സമൂഹത്തിന്റെ രോഗങ്ങളാണ്.'

'ജീവിതത്തിൽ മനുഷ്യന്റെ ഏറ്റവും ഉന്നതമായ കടമ മനുഷ്യരാശിയെ സേവിക്കലാകുന്നു ,ലോകത്തിന്റെ അവസ്ഥ നന്നാക്കുവാൻ തന്റെ പങ്കും നല്കുക.'

' നിങ്ങളുടെ വീട്ടിലെ രണ്ടു വയറുകൾ നിങ്ങൾ നേരായ മാർഗ്ഗത്തിലൂടെ പുലർത്തുന്നുവെങ്കിൽ നിങ്ങൾ സത്യമായും ഒരു ദേശസേവനം നടത്തുകയാണ്.'

'ആസക്തിയുടെ വലയിൽ കുടുങ്ങിയവന് ദൈവത്തെ കാണാനാവില്ല.'

'എല്ലാ വിദ്യാഭ്യാസത്തിന്റെയും പ്രാഥമിക ലക്ഷ്യം വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണമാണ്.'

'എല്ലാ അറിവിന്റെയും ഏകലക്ഷ്യം സ്വഭാവ രൂപവൽക്കരണമാണ്.'

'ഉത്തമ വിദ്യാഭ്യാസത്തിന്റെ ആദ്യ ചവിട്ടുപടി ഒരു പരിശുദ്ധ ഹൃദയമാണ്.'

'സ്നേഹം കൊണ്ട് ദ്വേഷത്തേയും, സത്യം കൊണ്ട് അസത്യത്തേയും, സഹനം കൊണ്ട് ഹിംസ യേയും കീഴടക്കാൻ കഴിയുമെന്ന് കുട്ടികളെ പഠിപ്പിക്കുകയെന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം.'

'അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഏതെങ്കിലും കൈത്തൊഴിൽ വഴി കുട്ടികൾക്ക് ശാരീരികവും മാനസികവും ധാർമികവുമായ വളർച്ചയുണ്ടാക്കുക എന്നതാണ്.

സുനില ജോൺ
അധ്യാപിക

# നമ്മുടെ കുഞ്ഞുങ്ങൾ

വിദ്യാലയങ്ങളിലേക്കും ട്യൂഷൻ സെന്ററിലേക്കും പോകുന്ന നമ്മുടെ മക്കൾ ഏറ്റവും സുരക്ഷിതരായി വീട്ടുകളിൽ തിരിച്ചെത്തണമെന്ന് ആഗ്രഹിക്കുന്നവരാണ് നമ്മൾ. ഇന്ന് നമ്മുടെ കുഞ്ഞുങ്ങൾ സുരക്ഷിതരാണോ? അങ്ങനെയാണെന്ന് വിശ്വസിക്കാനും വയ്യ ! എന്തെല്ലാം കുറ്റകൃത്യങ്ങളാണ് ചുറ്റും നടക്കുന്നത്.അതിൽ കുട്ടികളും ഉൾപ്പെടുന്നു എന്നത് നമ്മെ ഞെട്ടിപ്പിക്കുന്ന വസ്തുത ആണ്. ലഹരിവസ്തുക്കളുടെ വലിയ മാർക്കറ്റ് ആയി നമ്മുടെ നാട് മാറിക്കൊണ്ടിരിക്കുകയാണെന്ന് വർത്തമാനകാല വാർത്തകൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

ഉപരിപഠനത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി വീട്ടിൽ നിന്നും പോകുന്ന മക്കൾ ലഹരിയ്ക്ക് അടിമയാകുന്നു.. വീടുകളിൽ അക്രമം അരങ്ങേറുന്നു. ലഹരിക്കടിമപ്പെട്ട് സുബോധം നഷ്ടപ്പെട്ട ഒരു കൂട്ടം യുവജനങ്ങൾ.. അടുത്തിരിക്കുന്ന സഹപാഠിയെ അടിച്ചു കൊല്ലുന്ന കൂട്ടുകാർ..സ്വന്തം സഹോദരിയെയും അമ്മയെയും തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ ലഹരിക്ക് അടിമയായ മക്കൾ... ചുറ്റിലും മാതാപിതാക്കളെയും സഹോദരങ്ങളെയും ബന്ധുക്കളെയും വരെ കൊന്നുതള്ളുന്ന വാർത്തകൾ മനസ്സിനെ നോവിക്കുന്നില്ലേ? ആത്മഹത്യകൾ നിത്യ സംഭവങ്ങളായി മാറി.. ഇത് വാർത്തകളിൽ മാത്രം ഒതുങ്ങുന്നതല്ല. നമ്മുടെ വീടുകളിലുമെല്ലാം എത്തിക്കഴിഞ്ഞു. സാക്ഷരതയിൽ ഏറെ മുമ്പിലാണെന്ന് അഭിമാനിക്കുന്ന കേരളത്തിൽ വിദ്യാർഥികളുടെയും യുവജനങ്ങളുടെയും ഇടയിൽ മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചു വരുന്നത് വളരെ ഗൗരവമായി എടുക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു.

നമ്മുടെ കുഞ്ഞുങ്ങൾ എല്ലായ്പ്പോഴും സുരക്ഷിതരാണെന്ന് നാം കരുതരുത്. ചെറുതും വലുതുമായ ലഹരിസംഘങ്ങളുടെ കഴുകൻ കണ്ണുകൾ അവരെ വട്ടമിട്ടു പറക്കുന്നുണ്ട്. അവർക്ക് വേണ്ട ഒത്താശകൾ ചെയ്തു കൊടുക്കുന്ന ആളുകൾ നമുക്ക് ചുറ്റും ഉണ്ട്. കുഞ്ഞുങ്ങൾ സഞ്ചരിക്കുന്ന വഴികൾ, അവർ താമസിക്കുന്ന ഇടങ്ങൾ, കൂട്ടുകാർ , വിദ്യാലയങ്ങൾ, ട്യൂഷൻ ക്ലാസ്സുകൾ,എല്ലാം ഇക്കൂട്ടരുടെ കണ്ണിൽ ഉണ്ട്.. ജാഗ്രതയോടെ കുഞ്ഞുങ്ങൾക്ക് കൂട്ടിരിക്കാം.

എവിടെയാണ് നമുക്ക് പിഴവ് പറ്റിയത്?

ജീവിതഗന്ധിയായ അനുഭവങ്ങൾ ഇന്ന് കുട്ടികൾക്കുണ്ടോ?പരീക്ഷകളിൽ ജയിക്കുന്നതും എ പ്ലസ് നേടുന്നതും ജോലി സമ്പാദിക്കുന്നതും പണം ഉണ്ടാക്കുന്നതും മാത്രമല്ല ജീവിതം എന്ന് നമ്മുടെ കുട്ടികൾ തിരിച്ചറിയണം.

സത്യവും സ്നേഹവും കാരുണ്യവും മറ്റ് ജീവിത മൂല്യങ്ങളും അവയേക്കാൾ വലുതാണെന്ന ബോധ്യം നമ്മുടെ കുട്ടികളിൽ ഉണ്ടാകണം. അറിവിന്റെ ലോകത്തിലേക്ക് പറന്നുയരാൻ വായനയും എഴുത്തും സാമൂഹ്യ മാധ്യമങ്ങളുടെ ഉപയോഗവുമെല്ലാം കൃത്യതയോടെയും സൂക്ഷ്മതയോടെയും ആകണം .ശരീരത്തിന്റെയും മനസ്സിന്റെയും ഊർജം പരിപോഷിപ്പിക്കാൻ സ്പോർട്സ്, യോഗ, പ്രാർത്ഥന, ധ്യാനം തുടങ്ങിയവ കുട്ടികൾക്ക് നൽകാം. മൂല്യഗന്ധിയായ പുസ്തകങ്ങൾ, സിനിമകൾ, സംഗീതം, എഴുത്ത്,വിവിധ കലാരൂപങ്ങൾ എല്ലാം നമുക്ക് കുട്ടികൾക്ക് വേണ്ടി ഉപയോഗപ്പെടുത്താം. നല്ല സൗഹൃദങ്ങൾ പ്രോത്സാഹിപ്പിക്കാം.വഴിതെറ്റിക്കുന്ന കൂട്ടുകെട്ടുകൾ പൊട്ടിച്ചെറിയണം. അവരുടെ അപരിചിതരുമായുള്ള ഇടപെടലുകൾ പ്രത്യേകം ശ്രദ്ധിക്കണം.

പ്രകൃതിയെയും ജീവജാലങ്ങളെയും സംരക്ഷിക്കാനും സ്നേഹിക്കാനും ഉള്ള ധാരാളം അവസരങ്ങളും കുട്ടികൾക്ക് ലഭിക്കണം. മഞ്ഞും മഴയും വെയിലും കാടും മേടും പുഴയും കടലും പൂക്കളും പൂമ്പാറ്റകളും എല്ലാം കുട്ടികളുടെ മനസ്സിൽ പുതിയ ലഹരിയായിത്തീരട്ടെ. മാതാപിതാക്കളും മക്കളും മുതിർന്നവരും പരസ്പരം സ്നേഹിച്ചുജീവിക്കുന്ന കുടുംബങ്ങളാണ് കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ പ്രധാന പങ്ക് വഹിക്കുന്നത്.മാതാപിതാക്കൾ തമ്മിലുള്ള കലഹങ്ങൾ കുട്ടികളെ വഴിതെറ്റിക്കുന്നതിൽ ഒരു പ്രധാന ഘടകമാണ്.


എല്ലാം തുറന്നു പറയാനുള്ള സാഹചര്യവും സ്വാതന്ത്ര്യവും കുട്ടികൾക്ക് വീട്ടിൽ ഉണ്ടാകണം. കൗമാരകാലഘട്ടങ്ങളിൽ ഉണ്ടാകുന്ന ശാരീരിക മാനസിക വൈകാരിക വ്യതിയാനങ്ങളെക്കുറിച്ചുള്ള തിരിച്ചറിവ് കുട്ടികൾക്ക് നൽകണം.

എന്താണ് ശരിയെന്നും എന്താണ് തെറ്റെന്നും കുട്ടികൾ തിരിച്ചറിയണം. ശരികൾക്കൊപ്പം നിൽക്കുവാനും തെറ്റുകളോട് 'നോ' പറയാനുള്ള മനോധൈര്യവും കുട്ടികൾക്ക് ചെറുപ്പം മുതലേ പകർന്നു നൽകണം.കുട്ടികളുടെ മാനസികാരോഗ്യത്തെക്കുറിച്ചുള്ള വ്യക്തമായ ധാരണ മാതാപിതാക്കൾക്ക് ഉണ്ടാകണം.അവരുടെ സ്വഭാവ മാറ്റങ്ങൾ ശ്രദ്ധിക്കണം.കുട്ടികളുടെ എല്ലാ ആഗ്രഹങ്ങളും നടപ്പിലാക്കി അവരെ ഏറെ സന്തോഷിപ്പിക്കാൻ ശ്രമിക്കരുത്.കുടുംബത്തിലെ കഷ്ടപ്പാടുകളും ഇല്ലായ്മകളും കുട്ടികൾ അറിഞ്ഞു വളരട്ടെ.
ഒപ്പം അവരുടെ കഴിവുകളെ
വളർത്തിയെടുക്കാൻ
മാതാപിതാക്കൾ ശ്രദ്ധിക്കണം
.ചുറ്റിലുമുള്ള കെണികളിൽ നിന്നും നമ്മുടെ കുഞ്ഞുങ്ങൾക്ക് സുരക്ഷ ഒരുക്കുക എന്നതാണ് പരമപ്രധാനം. അത്രമേൽ ധാർമിക ച്യുതി നമ്മുടെ സമൂഹത്തെ ഗ്രസിച്ചിരിക്കുന്നു.മക്കളുടെ ജീവിതവും ജീവനും വിലപ്പെട്ടതാണ്. അവരിലാണ് നമ്മുടെ പ്രതീക്ഷ.

വരുംദിനങ്ങൾ അവരുടേതാണ്. പക്വതയുള്ള ഒരു തലമുറയെ, ഒരു സമൂഹത്തെ, ഒരു രാജ്യത്തെ വളർത്തിയെടുക്കാൻ മൂല്യബോധമുള്ള ഒരു തലമുറ വളർന്നു വരേണ്ടതുണ്ട്.
ആടിയും പാടിയും കളിച്ചും ചിരിച്ചും കുട്ടികൾ വളരട്ടെ. മത്സരങ്ങളുടെ ലോകത്ത് പിടിച്ചു നിൽക്കാൻ അവർക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകണം. അതിനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കികൊടുക്കുക എന്നതാണ് പൊതു സമൂഹവും വിദ്യാലയങ്ങളും രക്ഷിതാക്കളും അധ്യാപകരും ചെയ്യേണ്ടത്.കുട്ടികളെ മാത്രം പഴി പറയരുത്.. കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ
മാതാപിതാക്കൾക്കും അധ്യാപകർക്കും പുറമേ പൊതുസമൂഹത്തിനും അധികാരികൾക്കും വലിയ ഉത്തരവാദിത്വമുണ്ട്.

**വിൽസി സൈമൺ**
**സെന്റ് ആന്റണീസ് ഗേൾസ് ഹൈസ്കൂൾ**
**അധ്യാപിക**





# സാഹിത്യകാരെ അറിയാം.....

## എം.ടി.വാസുദേവൻ നായർ



നോവലിസ്റ്റ്, തിരക്കഥാകൃത്ത്,ചലച്ചിത്ര സംവിധായകൻ, സാഹിത്യകാരൻ, നാടകകൃത്ത്, എന്നീ തലങ്ങളിൽ പ്രശസ്തനായ മലയാളിയായിരുന്ന മാടത്ത് തെക്കേപ്പാട്ട് വാസുദേവൻ നാരായണൻ നായർ എന്ന എം ടി വാസുദേവൻ നായർ.1933 ഓഗസ്റ്റ് 9ന് ജനിച്ച എം ടി ആധുനിക മലയാളസാഹിത്യ രചയിതാവാണ്. മലയാള സാഹിത്യത്തിന്റെ വഴിത്തിരിവുകൾ ആയിരുന്ന എംടിയുടെ പല നോവലുകളും. മഞ്ഞ്,കാലം,അസുര വിത്ത്,രണ്ടാമൂഴം തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ ചില നോവലുകൾ.നിളയുടെ കഥാകാരൻ എന്നറിയപ്പെടുന്ന എം.ടി 'മുറപ്പെണ്ണ്' എന്ന തിരക്കഥ എഴുതിയാണ് ചലച്ചിത്ര ലോക ത്തേക്ക് കടന്നത്. സാഹിത്യ ചലച്ചിത്ര മേഖലകളിൽ അതുല്യ സംഭാവനകൾ നൽകി 2024 ഡിസംബർ 25ന് അദ്ദേഹം അന്തരിച്ചു.

## അരുന്ധതി റോയ്



മാൻ ബുക്കർ സമ്മാനത്തിന് അർഹയായ ആദ്യ ഇന്ത്യൻ വനിതയാണ് അരുന്ധതി റോയ്. ഇവരുടെ ഗോഡ് ഓഫ് സ്മാൾ തിങ്ങ്സ് എന്ന കൃതിക്ക് 1997ലെ ബുക്കർ പുരസ്കാരം ലഭിച്ചു.എഴുത്തുകാരി, അഭിനേത്രി,സാമൂഹിക പ്രവർത്തക എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രശസ്തയായ വ്യക്തിയാണ് അരുന്ധതി റോയ്. 1961ൽ മേഘാലയിലെ ഷില്ലോങ്ങിലാണ് അരുന്ധതി ജനിച്ചത്. പവർ പൊളിറ്റിക്സ്, ദി ആൾജിബ്ര ഓഫ് ഇൻഫൈനേറ്റ് ജസ്റ്റിസ്, വാർടോക് തുടങ്ങിയവയാണ് പ്രധാന കൃതികൾ. എഴുത്തുകാരി എന്നതിലുപരി ഒരു സാമൂഹിക പ്രവർത്തക കൂടിയാണ് അരുന്ധതി റോയ്. പാരിസ്ഥിതിക മനുഷ്യാവകാശ വിഷയങ്ങളിലുള്ള ഇടപെടലുകളും ഇവരെ പ്രശസ്തയാക്കി.

## വില്യം ഷേക്സ്പിയർ



ലോക ചരിത്രത്തിലെ ഏറ്റവും മഹാനായ എഴുത്തുകാരനും നാടകകൃത്തുമായി കണക്കാക്കപ്പെടുന്ന ഇംഗ്ലീഷ് കവിയാണ് വില്യം ഷേക്സ്പിയർ.38 നാടകങ്ങളും 154 ഗീതങ്ങളും ചില കാവ്യങ്ങളും ഇദ്ദേഹത്തിന്റേതായി നമുക്ക് ലഭിച്ചിട്ടുണ്ട്. ഷേക്സ്പിയർ രചിച്ച അവസാനത്തെ നാടകമാണ് 'ദ ടെംപെസ്റ്റ്' എന്ന് കരുതപ്പെടുന്നു. ഷേക്സ്പിയറുടെ ജീവിതകാലത്ത് തന്നെ അദ്ദേഹം വളരെ ബഹുമാനിക്കപ്പെട്ടിരുന്ന ഒരു കവിയും നാടകകൃത്തുമായിരുന്നെങ്കിലും 19-ാം നൂറ്റാണ്ടിലാണ് അദ്ദേഹത്തിന്റെ പ്രശസ്തി ഇന്നത്തെ നിലയിലേക്ക് ഉയർന്നത്. കിംഗ് ലയർ, ഹാംലറ്റ്,മാഗ്ബത്ത് തുടങ്ങിയ നാടകങ്ങൾ ഇംഗ്ലീഷ് ഭാഷയിലെ മികച്ച ദുരന്ത നാടകങ്ങളായി ഇന്നും നിലകൊള്ളുന്നു. 1616ൽ വില്യം ഷേക്സ്പിയർ അന്തരിച്ചു.

**തനുശ്രീ. പി.എം**

IX:C





# ഉറവ

യാത്ര...
മുപ്പതു വെള്ളിക്കാശിന്റെ കിലുക്കം,
പാതിരാക്കോഴിയുടെ കൂവൽ, ചാട്ടവാറടികളുടെ
രോദനം- മനസിന്റെ
നെടുവീർപ്പുകൾ,കരിയിലകൾ വീണ
ഇടവഴികൾ,കാൽവരിക്കുന്നിലേക്കിനിയും
ബഹുദൂരമുണ്ടത്രേ...
മരക്കുരിശും മുൾക്കിരീടവും മൂന്നാണിയും
ഒരു കുന്തവും അല്പം കയ്പ്പുനീരും
ചുമന്നുകൊണ്ട്,അപരന്നൊരുവൻമുമ്പിൽ,
കിതച്ചുകൊണ്ടോടിയത്,
ഹോമബലിക്കായിരുന്നുവത്രേ...
നിണമണിഞ്ഞകാലടിപ്പാടുകൾ
ഒരമ്മയുടെ കണ്ണീരിൽ കുതിർന്നതും,
ഒരു കുഞ്ഞാടിൻ നിലവിളികൾ,
ഇടവഴിയിലെ കരിങ്കല്ലിനെപ്പോലും,
കനിവിന്റെ ഉറവയാക്കിയതും,കരളലിയിക്കും
കാഴ്ചയായിമാറി...
വഴിയരികിൽ ഓശാനപ്പൂക്കൾ,
ആർപ്പുവിളികളായി വിരിഞ്ഞതും
ശെമയോൻ പാതിവഴിയിൽ കുരിശ്
പങ്കിട്ടെടുത്തതും വെറോനിക്ക തിരുമുഖം
തുടച്ചതും വേറിട്ടൊരു കാഴ്ചയായി...
വഴിമധ്യേ,മനസിടിഞ്ഞു ഗുരുവീണുപോയി,
ഒന്നല്ല മൂന്നുപ്രാവശ്യം.
ലോകപാപത്തിൻ ചുമടുകൾ താങ്ങി ഗുരുവിന്റെ
നെഞ്ചകം പിളർന്നപ്പോൾ,
പത്രോസോ വെറും കാഴ്ചക്കാരനായി...
രക്തചുംബനത്താൽ ഗുരുവിനെ,
ഒറ്റിക്കൊടുത്ത യൂദാസ്,പാതയോരത്ത്
ഭ്രാന്തനായി,ഒരുചാൺ കയറിൽ പിടയുമ്പോൾ,
കൈനീട്ടി ഗുരുചാരെയെത്തിയെങ്കിലും
രക്ഷനേടാനവനു കഴിഞ്ഞതുമില്ല...
ശത്രുവിനെപ്പോലും സ്നേഹിച്ചിട്ടും,ഗുരുവിൻ
നിശ്വാസങ്ങൾ പാതയിലൂടനീളം മർമരമായി,
അവന്റെ നിലവിളി മുളംതണ്ടിൽ,
ഈണമായി,രാഗമായി,
കരളലിയിപ്പിച്ചിട്ടും നിത്യസത്യമായി
ആരവങ്ങൾക്കൊടുവിൽ,ഗുരുസ്വയം കുരിശായി
മാറി,സഹനവും സ്നേഹവും സത്യവും കുരിശിൽ
വിരിഞ്ഞിട്ടും രക്തസുമമായ്,
പാപവും മരണവും ശിക്ഷയുമെല്ലാം,
പാതാളത്തിൽ പോയ്മറഞ്ഞു
മടക്കയാത്ര...
കാഴ്ചയുടെ ഗിരിശൃംഗങ്ങളിൽ
ഇനിഒളിച്ചുനിൽക്കാനാവില്ല, താഴ്വാരങ്ങളിലേക്ക്
പടിയിറങ്ങാം,
പാതയിൽ ദീപമായി,
ദിവ്യകാരുണ്യസ്നേഹമായി,ലോകാന്ത്യം വരെ
ഗുരു കൂടെയുണ്ട്.
ഇനി,
ഗുരുവിനെ നിത്യം പ്രണയിച്ചിടാം,
കോഴികൂവിയ പാതിരാത്രിയെ മറന്നിടാം
ഒടുവിലത്തെ ചുംബനങ്ങൾ പൊറുക്കാം
സ്നേഹത്തിൻ വസന്തമായി മാറാം,
ഓരോ നിഴലിലും ഗുരുവിനെ തൊട്ടിടാം
അഞ്ചുമുറിവായി മാറിടാം നിത്യവും...

**വിൽസി സൈമൺ**
സെന്റ് ആന്റണീസ് ഗേൾസ്
ഹൈസ്കൂൾ അധ്യാപിക

# ആധി..

വരണ്ടുണങ്ങിയ
ഹൃദയത്തിൽ
സ്നേഹത്തിൻ
കുളിർമഴയായവൾ
പെയ്തിറങ്ങി
വാക്കിലും നോക്കിലും എന്റേത്
മാത്രമായി.....
കാലചക്രം കറങ്ങി
തിരിഞ്ഞപ്പോൾ അവളുടെ
സ്നേഹത്തിന്
മങ്ങലേറ്റു.
ഇന്നവൾ എന്റെ കാണാ
മറയത്ത് ഒരു പൊട്ടുപോൽ
മായുന്നത് എന്നുള്ളിൽ
ആധിയുണർത്തി...
സ്നേഹത്തിൻ തെളി
നീരായി ഒഴുകിയ അരുവി
എന്നിലേക്കണയുന്നതും
കാത്ത്
ഇമ വെട്ടാതെ
കാത്തിരിപ്പാണ് ഞാൻ...

ഷസ മെഹറിൻ IX E

# CHERISH EVERY BREATH

Life begins with a single breath
With a heart that beats
With every step life, a new
Path is made

Life can be tough
But in the darkness there
Still a light life
Hold on it

Life is a gift, very precious and rare
So, let's enjoy our life
With all its sweetness and bitterness
And Cherish every moment



Sanha Mariyam

# SKY'S EMBER

Softly fades the day's warm light
As sunset's ember paints the night
A fiery glow, a gentle hue
A peaceful twilight, born a new
The clouds,a canvas, softly blend
With shades of coral, pink and
Gold that transcends
The stars a twinkling show
As sunset's ember glows, in a
Gentle flow

NOUREEN
FATHIMA-9C

# കവിതകൾ

## നിന്നെ തേടി

---------------------

എവിടെ പോയി നീ
എൻ മനസ്സും ശരീരവും
നിന്നെ തേടി അലയുമ്പോൾ
എവിടെ പോയി നീ
സ്നേഹം തേടും ആയിരം-
കണ്ണുകൾക്ക് നിരാശയേകി
എവിടെ പോയി നീ
വരാതിരിക്കാൻ കഴിയില്ല നിനക്കിനി
കാത്തിരിക്കും നിന്റെ വിളിക്കായി,
തലോടലിനായി

Thanusree. PM
IX C

## പറവ

--------

പറക്കാൻ തുടിക്കുന്ന ചിറകുകൾ
പാടാൻ ചലിക്കുന്ന കൊക്കുകൾ
കരയുന്ന കണ്ണുകൾ പിടയുന്ന ഹൃദയവും
ഭയമാണോ? അറിയില്ല ധൈര്യമൊട്ടുമില്ല
സ്വതന്ത്രമായി പറക്കണം പഴയതൊ
മറക്കണം വേടനെ ഭയക്കാതെ
പരുന്തിനോടടുക്കാതെ
മഴ പെയ്താൽ നനയുമോ? ഇടിവെട്ടിയാൽ
ഞെട്ടുമോ? സാധിക്കുമോ എന്നെക്കൊണ്ട് ?
കാറ്റിനെ തോൽപ്പിക്കുവാൻ

ഫൈഹ ഖാലിദ് കെ.കെ VIII E

## പേമാരി

---------

എങ്ങു നീ പോയെൻ നല്ല കാലമേ...
ഇന്നു ഞാൻ ഓർക്കുന്നു എൻ ആ കാലം
അന്ന് മഴയിൽ ഞാൻ ആഹ്ലാദം കണ്ടെത്തി
എന്നാൽ,
ഇന്നു ഞാൻ ആ മഴയെ ഭയക്കുന്നു.
ഈ മഴയിൽ തകർന്നു പോകുന്നു
പൊലിയുന്നു ജീവനുകൾ,
തകർന്നു പോകുന്നു.. സർവതും...
ഈ മഴ ഇനി കൂടിയാൽ മനുഷ്യവർഗം തന്നെ
പാടെ മറയും.
ക്ഷമിക്കു നീ മഴയെ ഒരു തവണ കൂടി ഈ
വർഗ്ഗത്തോട്.
ക്ഷമിക്കു നീ ഞങ്ങളുടെ എല്ലാ തെറ്റുകളെയും.
കാത്തു നിർക്കുന്നു ഞാൻ പൊതിയൊരു
പിറവിക്കായി

നിയ എസ്. എൻ VIII B

## പെയ്തിറങ്ങുന്നു

--------

എത്ര നാളായ് നിന്നെ കാത്തിരിക്കുന്നു ?
നിന്റെ വരവിനായ് കാത്തിരുന്ന് സമയം
പോയതറിഞ്ഞില്ല.
ഇന്നു വരുമോ നാളെ വരുമോ എന്ന്
നോക്കി നിൽക്കുന്നു ഞാൻ ..നിന്റെ
തകൃതിയായ തിരിച്ചു വരവിന് കാത്തു
നിന്നു ..വിരസം!
വേനൽ ചൂടു കൊണ്ട് ഉരുകുന്ന ഞാൻ
ഇനിയെങ്കിലും നീ എന്റെയുത്തേക്ക്
വരുമോ ? നിന്റെ വരവിനായ് ഞാൻ കാത്തു
നിൽക്കുന്നു.

ഹയ ഷഹീർ VIIIE

# കാറ്റ്

നിന്റെ കുളിരിനായി തലോടലിനായി

എത്ര കാത്തിരുന്നു ഞാൻ....

എന്നിട്ടും... നീ എനിക്ക് കാട്ടിത്തന്നതോ....

നിൻ ഭയാനകരൂപം....

എന്തിനാണ് ഈ ദേഷ്യം ?

ആരോടാണ് ഈ ദേഷ്യം ?

എങ്ങു പോയി നിൻ കുളിരു ഉണർത്തും നന്മ ?

നിന്റെ തഴുകൽ കാത്തിരുന്ന ചെടികളും ഇലകളും പോലും

നിന്നെ വെറുത്തു പോയി....

എങ്കിലും... ഞാൻ വെറുക്കില്ല...

ഒരിക്കലും...

നീ കാറ്റ് ആയിരുന്നു....കുളിരു ഉണർത്തും മാരുതൻ....

ഇന്നു നീ കൊടുങ്കാറ്റായി...ചുഴലിക്കാറ്റ്....

നിന്റെ രൂപവും ഭാവവും എങ്ങനെ മാറി ?

ആരും മാറ്റി ?

**Ameena Parveen**
**VIII . D**



POEM

# HAPPINESS

Happiness is a sunny day,
Laughing, running, feeling play.
A gentle breeze, a warm embrace,
A smile that lights up every face.

It's in the little things we find,
A friend who's kind, a peace of mind.
A cozy hug, a heartfelt song,
The joy of knowing you belong.

So hold it close, let it stay,
Happiness blooms in every day.
In moments big, and small ones too,
It's always there, just waiting for you.

written by.......
*HARIPRIYA.P.S*
*IX E*

# SOCIAL MEDIA'S IMPACT ON CHILDREN


Do you know nearly 95% of teenagers between the age of 13 and 17 are active on social media? In this fast paced world social media has become a crucial part of everyone's life including children.

As every coin has two sides, social media offers both cons and prons too.. With platforms like Instagram, facebook, snapchat and billions of children are using social media nowadays. It is unusual to find a child who doesn't prefer to use social media platforms. What is not common is the intention they are upto, they engage themselves in social media for educational purposes, entertainment purposes, developing skills and the list goes on.. This long list is what attracts people the most. The increased use often causes addiction, from toddlers to old age.

> Social media is not inherently positive nor negative.

Social media is not inherently positive nor negative.
With a sense of responsibility and maturity social media is a powerful tool that provides all that is needed. It provides a space for communication, the perfect example for this is when the covid pandemic was going on, where face to face interaction was restricted. It helps children to express their skills.
All these come by significant risks, it offers a plethora of cons too..
At certain cases social media can be disrupting to one's mental and social well being. This increased use of social media causes mental health disorders like depression, anxiety. The major source of this issue is cyber bullying, nowadays society harasses upright children.
Youths are being fallen on the trap of phishing. They are too little to understand that not everything they see on internet is true.
Also, the excessive screen time often causes health issues like obesity, sleep disorder, eye strain and etc..

Typically social media's impact on children is complex. It is very important to know limits while using social media.




-Haripriya. P. S
IXE

# കവിതകൾ

## വർണ്ണച്ചിറക്കുള്ള പൂമ്പാറ്റ

വർണ്ണച്ചിറക്കുള്ള പൂമ്പാറ്റ...
നീ പാറി പാറക്കുന്നത്
എങ്ങോട്ട്, പൂക്കൾ തേടി
പോവുന്നോ നീ..
കൂട്ടരെ തേടി പോവുന്നോ..
മഴവില്ലിൻ നിറമുള്ള  നിന്നുടെ
വർണ്ണങ്ങൾവാരി വിതറയിതാരാണ്..
പല നിറമേറും നിന്നുടെ
ചിറകുകൾ നെയ്തു പിടിപ്പിച്ചതാരാണ്...
പൂക്കൾ തേടി പോവുന്നോ  നീ...
കൂട്ടരെ തേടി പോവുന്നോ..
വർണ്ണച്ചിറക്കുള്ള പൂമ്പാറ്റെ..
നീ പാറി പറക്കുന്നതെങ്ങോട്ടാ പൂക്കൾ
തേടി പോവുന്നോ നീ..
കൂട്ടരെ തേടി പൂവുന്നോ..(2)

Thanmaya. R
8c

## പുറപ്പെടുന്ന പാത

കണ്ണടച്ചൊരു കാലം, പോയ ലോകം,
കരിശൊഴിഞ്ഞ വഴികളിലായ് ഒഴുകുന്ന,
ചിതറിയ ഓർമ്മകൾ, മറന്ന മിഴികളിൽ,
പാടുന്ന പൂക്കൾ പോലെ, അജ്ഞാത
പാട്ടുകൾ.

പുറത്തു കണ്ട കാറ്റിൽ വീശുന്ന സ്മൃതി,
പഴയ വഴികളിൽ തങ്ങുന്ന എന്റെ
നെടുയാതന,
നഷ്ടമായുള്ള സ്വപ്നങ്ങൾ, നിലാവിന്റെ
വെളിച്ചം,
പുറ്റായിരിക്കും വിസ്മയിക്കുന്ന ജീവിതം.

പാരമ്പര്യങ്ങളുടെ താളത്തിൽ,
ശേഷമാകുന്ന ചിരികൾ, കണ്ണീരുകൾ,
പഴയൊരു പ്രണയം, പൊക്കത്തിൽ
മറന്നത്,
പലപ്പോഴും ഞാൻ തിരിയുന്ന ഒരു ഉറപ്പായ
ദിശ.

പോകാനൊരു വഴിയില്ലാത്ത,
ഒരു കാലത്തിന്റെ ദു:ഖപാത,
പുതിയ ലോകം കൊണ്ടുപോകുമ്പോൾ,
പുറപ്പെടുന്ന പഴയകാലത്തിന്റെ സ്മരണ.

Thanmaya.
8c

# ഡിജിറ്റൽ പെയിൻറിംഗ്









ഫൈഹാ ഖാലിദ് കെ കെ

# Uunpredictability

Life is like a ocean
You can either surf the waves or go under,
But you cannot stop the waves

Waves come,make huge noise,create countless
Bubbles and then it crashes-disappear
As a waves but remains as water

Everything begins from Your inner self,
expands,Travels the whole journey,
completes the full Circle and
merges back in it's own real life

I therefore will refrain farewell,
Thou humid main.

Sivanajana s. Vikas
9E

# കുഞ്ഞുടുപ്പ്

പുഞ്ചിരിച്ച് കുശലം പറഞ്ഞ്പെറ്റമ്മയുടെ കവിളിൽ മുത്തംനൽകി അക്ഷര മുറ്റത്തേക്ക് യാത്രയായതായിരുന്നു അൽന.ഇന്റർബെല്ലിന് പുറത്ത് പോയ അൽന തിരികെ വന്നില്ല.അധ്യാപകരും

സഹപാഠികളും തിരിഞ്ഞു നടന്നു.പാടത്തും പറമ്പത്തും പേരമരചുവട്ടിലും അവളെ കണ്ടില്ല, ഒടുവിൽ

പൊന്തക്കാടുകൾക്കിടയിൽ ഒരു കുഞ്ഞുടുപ്പിന്റെ നിറം അവരുടെ ദൃഷ്ടിയിൽ പെട്ടു. കീറിപ്പറിച്ച കുഞ്ഞുടുപ്പ് ടീച്ചറുടെ കൈകളിൽ വിറകൊണ്ടു.ടീച്ചറുടെ ഭാവം മാറി. ഒരു ദുഃഖത്തിന്റെ ഗന്ധം. ചുറ്റിലും കൂടിയവർ കണ്ണീർ തുടച്ചു.അടുത്ത കുരക്കുമുന്നിൽ അവളുടെ കാൽപാദങ്ങൾ പതിഞ്ഞിട്ടുണ്ട്.കുരക്കുള്ളിൽ പരതി നോക്കി നിരാശരായി മടങ്ങാൻ ഒരുങ്ങുമ്പോൾ മച്ചിനു മുകളിൽ നിന്ന് ഒരു തേങ്ങൽ കേട്ടതുപോലെ അവർക്ക് തോന്നി. ഹൃദയം മരവിച്ച ഇരുകാലിയുടെ ചെയ്തിയിൽ അവളുടെ കുഞ്ഞുപൂമേനി രക്തം വാർന്നു കിടപ്പുണ്ടായിരുന്നു. മരണവെപ്രാളത്തിൽ പിച്ചിച്ചീന്തിയതാകാം ആ കുഞ്ഞുടുപ്പ് എന്ന ചിന്ത ടീച്ചറുടെ നെഞ്ചകത്ത് അണയാത്ത കനൽ വീ ഴ്ത്തുന്നുണ്ടായിരുന്നു.

ദിയ മെഹറിൻ IX E

# MooN Light

"Moonlit whispers on silent streams,
A lonely leaf's soft, silver dreams.
In starry skies, a canvas wide,
A thousand twinkling hearts reside.

The wind, a wanderer, whispers low,
Of secrets kept, and tales to grow.
In forest depths, where shadows play,
A mystic language whispers through the day.

In this quiet hour, where darkness reigns,
A gentle magic weaves its silken chains.
And as the moon dips low in the west,
A peaceful slumber wraps the world

Chandana .P
9D

# അന്ധകാരം

പട്ടാപകലെന്ന നിനയ്ക്കയിലും

ചുറ്റിലും കൂരിരുട്ടു മാത്രം ജ്വലിക്കുന്ന സൂര്യൻ തൻ

പ്രഭയുണ്ടെങ്കിലും

ചുറ്റിലും കൂരിരുട്ടു മാത്രം അൻപറ്റ പോകുന്ന

കാലത്ത് ചുറ്റിലും മാനവർക്കുള്ളിൽ കൂരിരുട്ടു

മാത്രം

നന്മതൻ ജ്യോതിയണയുന്ന കാലത്ത്

തിന്മതൻ ഇരുൾ മൂടുന്ന കാലത്ത്

ചുറ്റിലും ചുറ്റിലും മാനവർതന്നുള്ളിലും

അന്ധകാരത്തിൻ അലകൾ മാത്രം.

ദേവപ്രിയ എസ്
IX B

# അക്ഷരസാഗരം

------------------------------------

മഴയായി പെയ്ത് പുഴയായ് ഒഴുകി
പുസ്തകത്താളുകളിലേക്ക്
അക്ഷരമുത്തുകൾ
പുതുമണമേകും താളുകളെ തഴുകി
വികാരങ്ങളും വിചാരങ്ങളും ഉള്ളിലൊതുക്കി
അന്യന്റെ മനസ്സിൽ കുളിരേകി
എങ്ങോ മാഞ്ഞുപോയ കവിതേ
മലയാള കവിതേ



പൂർണ്ണശ്രീ. എസ്
IX B

# വിളക്ക്

അർദ്ധരാത്രി, നിലാവോ നക്ഷത്രങ്ങളോ ഇല്ലാതെ ഇരുണ്ട് കിടക്കുന്ന ആകാശം.എങ്ങും കൂരിരുട്ട്. പസഫിക് സമുദ്രത്തിലെ ആ ദ്വീപിന്റെ മധ്യത്തിലുള്ള ആ വിളക്ക് മാത്രം പ്രകാശിക്കുന്നു. വിളക്കിന്റെ കാവൽക്കാരൻ മാത്യു ഉറങ്ങാതെ അലറുന്ന കടലിനെ പരിഭ്രമത്തോടെ നോക്കി നിൽക്കുകയാണ്. ആരോടോ പകതീർക്കാൻ എന്നപോലെ കൊടുങ്കാറ്റ് ഗർജിക്കുന്നു. കാറ്റിന്റെയും കടലിന്റെയും കോലാഹലങ്ങൾ മാത്യുവിനെ തെല്ലൊന്ന് ഭയപ്പെടുത്തി. ശരീരം മുഴുവൻ എന്തോ ഒരു തണുപ്പ് അനുഭവിച്ചു. പേടി അകറ്റാനായി അവൻ ഇടയ്ക്കിടെ



വിളക്കിലേക്ക് നോക്കും. പെട്ടെന്നൊരു ഇടിവെട്ടി. ആ വിളക്കും അണഞ്ഞു പോയി. ദ്വീപ് മുഴുവൻ വെളിച്ചം പരത്തുന്ന കപ്പലുകളുടെ വഴികാട്ടുന്ന ആ വിളക്ക് സംരക്ഷിക്കേണ്ടത് മാത്യു ആണ്. ഇരുട്ടിൽ തപ്പി തടഞ്ഞ് വിളക്കിനെ പ്രവർത്തിപ്പിക്കുന്ന വയറുകൾ പരിശോധിച്ചു. വിട്ടുപോയ വയറുകൾ യോജിപ്പിച്ചു.പെട്ടെന്ന് കൊടുങ്കാറ്റ് വീശി. മാത്യു എന്ന ഗോപുരം താഴേക്ക് വീണു. അപ്പോഴേക്കും അയാൾ വിളക്ക് കത്തിച്ചിരുന്നു. പക്ഷേ കത്തിച്ച മാത്യു എന്നെന്നേക്കുമായി അണഞ്ഞു പോയി.

**ആമിന തൻസീൽ**
**VIII D**




## Data Analysis: A Tool for Regulatory Compliance

*Data Analysis is a method of transforming raw data into an actionable decision making. It os mainly collecting data, examining those data and validate the decision made.*

*An essential component of ensuring data integrity is accurate and appropriate analysis.*

*A data analyst has to dissect the vast data to unearth the hidden patterns and trends to support those data for an actionable decision making.*

*Organizations and Business houses use data analysis for enabling them to make appropriate decision, optimize their processes and to gain an competitive edge over their competitiors. Data analysis helps to identify opportunities, mitigate risk and enhance their overall performance. In short, Data Analysis is a tool used by Business and Corporate houses for there SWOT Analysis.*

## How Data Analysis could be used as a Compliance Tool

*Lets analysis the usage of Data Analysis in Anti Money Laundering for an effective Compliance to Combat Financial Crimes and Money laundering Activities.*




*Anti Money Laundering data analysis provided a corporate house or organization to identify the suspicious pattern, mitigate risk and comply with regulatory requirements.*

*Anti Money Laundering data analysis helps in identifying and preventing money laundering activities. These analysis will allow an organization to analyse the customer transactions and financial actitivies. By making a deep analysis the organization can evaluate the potential likelihood of the customers involvement in money laundering or terriorist financing.*

*For a better AML Analysis, there should be effective data visualization technique, as this helps to understand and interpret the complex data. These visualization techniques uncovers the hidden insights relationships of the entities for the identification of potential money laundering activities.*



*In the modern era, Machine learning and AI technologies are used in AML data analysis for fater and accurate identification of money laundering activities.*



Krishnaveni Ajith Class 9E

# മച്ചി

കുഞ്ഞിന്റെ പുഞ്ചിരിയുടെ മനോഹാരിത എൻ മനസ്സിനെ
കുളിരണിയിച്ചു.
പഠിത്തം പാതിവഴിയിൽ ഉപേക്ഷിച്ച് ഞാൻ വൈവാഹിക
ജീവിതം തിരഞ്ഞെടുത്തു.
എന്റെ രാപ്പകൽ കുഞ്ഞിനുവേണ്ടിയുള്ള
കാത്തിരിപ്പിലായി. മാസങ്ങൾ വർഷങ്ങളായി മച്ചിയെന്ന
പേരെനിക്കലങ്കാരമായി.
എന്നുള്ളിലെ മാതൃഹൃദയം തേങ്ങി.
എന്റെ ഇണ മറ്റൊരു പാതിയെ കൂടെക്കൂട്ടി, എന്റെ
കരങ്ങളിൽ കിടന്ന്
തലാഖിൻ മൊഴികളുള്ള കത്ത് വിറകൊണ്ടു.
പതുക്കെ ഞാൻ എന്റെ ഉദരത്തിൽ തലോടി,
ഉള്ളിലെവിടെയോ ഒരു പൈതലിന്റെ കരച്ചിൽ ഞാൻ
കേട്ടു.
സമയം ഒരുപാട് വൈകിപ്പോയിരുന്നു...

ദർഷിത ജെ -9 E

# നന്ദി...


ST.ANTONY'S GIRLS HIGH SCHOOL
PLATINUM JUBILEE MEMORIAL HALL
PTA (2013 . 2014)